*ഹയർ സെക്കൻഡറി വിദ്യാഭ്യാസ*
*ഡയറക്ടറുടെ കാര്യാലയം*
*തിരുവനന്തപുരം 1*

**Cell/2020/SWS/HSE/2010** **26th July 2010**

## <u>സർക്കുലർ</u>

*വിഷയം: ഹയർ സെക്കൻഡറി പ്രവേശനം 2010-'11– 1) രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ് 2) രണ്ടാം ഘട്ട സ്കൂൾ/ കോംബിനേഷൻ മാറ്റം -സംബന്ധിച്ച്-*

ഏകജാലക രീതിയിലുള്ള പ്ലസ് വൺ പ്രവേശനത്തിന്റെ രണ്ടാം സപ്ലിമെന്ററി ലിസ്റ്റ് ജൂലൈ 25ന് പ്രസിദ്ധീകരിച്ചു. രണ്ടാം സപ്ലിമെന്ററി ലിസ്റ്റ് പ്രകാരം അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ പ്രവേശനം ജൂലൈ 27 ന് വൈകുന്നേരം 5 മണിക്ക് മുമ്പ് പൂർത്തിയാക്കണം. അലോട്ട്മെന്റ് ലഭിച്ചവർ നിർബന്ധമായി ഫീസടച്ച് സ്ഥിരപ്രവേശനം നേടണം. പ്രവേശനം നേടാത്തവരുടെ വിശദാംശങ്ങൾ അപ്ഡേറ്റ് ചെയ്യാനുള്ള സൗകര്യം ജൂലൈ 27 ന് വൈകുന്നേരം 5 മണിമുതൽ ജൂലൈ 28 ന് ഉച്ചക്ക് 2 മണിവരെ ലഭ്യമായിരിക്കും. സമയപരിധിക്കുള്ളിൽ ഈ വിവരങ്ങൾ നിർബന്ധമായി അപ്ഡേറ്റ് ചെയ്തിരിക്കണം. മുഖ്യ ലിസ്റ്റ് പ്രകാരം പ്രവേശനം നേടിയ ശേഷം വിടുതൽ സർട്ടിഫിക്കറ്റ് വാങ്ങിപ്പോകുന്നവരെയും നോൺ ജോയിനായി രേഖപ്പെടുത്തണം. സപ്ലിമെന്ററി ലിസ്റ്റിന്റെയും മെയിൻ ലിസ്റ്റിന്റെയും നോൺ ജോയിൻ രേഖപ്പെടുത്താനുള്ള സൗകര്യം HITC യൂസറിന് ലഭ്യമായിരിക്കും. **ഒരു നോൺ ജോയിൻ പോലും രേഖപ്പെടുത്താനില്ലെങ്കിലും രണ്ട് നോൺജോയിൻ ലിസ്റ്റുകളിലും സമയപരിധിക്കുള്ളിൽ കൺഫർമേഷൻ നടത്തണം.**

പ്രവേശനം നേടിയ എല്ലാ വിദ്യാർത്ഥികൾക്കും ആവശ്യമുള്ളപക്ഷം ഒരിക്കൽ കൂടി സ്കൂൾ/ കോംബിനേഷൻ മാറ്റങ്ങൾ അനുവദിക്കും. മെയിൻ/ സപ്ലിമെന്ററി ലിസ്റ്റുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് മാറ്റത്തിനായി അപേക്ഷ നൽകാം. സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്കും സ്കൂൾ/ കോംബിനേഷൻ മാറ്റങ്ങൾക്ക് അപേക്ഷ നൽകാവുന്നതാണ്. ജില്ലാന്തരമാറ്റങ്ങളും ഈ ഘട്ടത്തിൽ അനുവദിക്കും. മറ്റ് ജില്ലകളിലേക്ക് മാറ്റം ആവശ്യപ്പെടുന്ന വിദ്യാർത്ഥികൾ അപേക്ഷാഫാറത്തിൽ ഓപ്ഷൻ നൽകുമ്പോൾ മാറ്റം ആവശ്യപ്പെടുന്ന ജില്ലയുടെ പേര് കൂടി എഴുതണം. മറ്റ് ജില്ലകളിലേക്കുള്ള മാറ്റങ്ങൾക്കുള്ള അപേക്ഷകൾ ഡേറ്റാ എൻട്രി നടത്തുന്നതിന് മുമ്പ് വിദ്യാർത്ഥി അബദ്ധവശാലല്ല ഓപ്ഷൻ രേഖപ്പെടുത്തിയതെന്ന് ഉറപ്പ് വരുത്തണം. സപ്ലിമെന്ററി അലോട്ട്മെന്റുകൾ കഴിഞ്ഞതിന് ശേഷമുള്ള ഒഴിവ് വിവരങ്ങൾ ജൂലൈ 29ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. **എന്നാൽ സ്കൂൾ മാറ്റത്തിലൂടെ സൃഷ്ടിക്കപ്പെടുന്ന ഒഴിവുകളിലേക്കും മാറ്റം അനുവദിക്കുമെന്നതിനാൽ ഒഴിവുകളില്ലാത്ത സ്കൂളുകളിലേക്ക് മാറ്റത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനും തടസ്സമില്ല. ആയതിനാൽ അപേക്ഷ നൽകുന്നതിന് ഒഴിവുകൾ പ്രസിദ്ധീകരിക്കുന്നത് വരെ കാത്തിരിക്കേണ്ടതില്ല. അപേക്ഷയുടെ മാതൃക അനുബന്ധമായിച്ചേർക്കുന്നു.** ജൂലൈ **28**നും **29**നും സ്കൂൾ മാറ്റത്തിനുള്ള അപേക്ഷകൾ സ്കൂളുകളിൽ സ്വീകരിക്കണം. അപേക്ഷകൾ ഡേറ്റാ എൻട്രി നടത്താനുള്ള സൗകര്യം ജൂലൈ 29മുതൽ ലഭ്യമാകും. ജൂലൈ 30ന് വൈകിട്ട് 5 മണിക്ക് മുമ്പ് ഡേറ്റാ എൻട്രി പൂർത്തിയാക്കണം.



**ഡയറക്ടർ**

# ഹയർ സെക്കൻഡറി ഏകജാലക പ്രവേശനം 2010

## <u>സ്കൂൾ/ വിഷയകോംബിനേഷൻ മാറ്റത്തിനുള്ള അപേക്ഷ</u>

1 ഏകജാലകപ്രവേശനത്തിന്റെ അപേക്ഷാനമ്പർ:

2 വിദ്യാർത്ഥിയുടെ പേര്:

3 വിദ്യാർത്ഥിയുടെ SSLC രജിസ്റ്റർ നമ്പർ:

4 അവസാന അലോട്ട്മെന്റിൽ ലഭിച്ച സ്കൂളും കോംബിനേഷനും:

5 മാറ്റംആവശ്യപ്പെടുന്ന സ്കൂളുകളുടെയും കോംബിനേഷന്റെയും വിശദാംശങ്ങൾ:

| ക്രമ നമ്പർ | മാറ്റത്തിനായി ആവശ്യപ്പെടുന്ന സ്കൂൾ കോഡ് | കോഴ്സ് കോഡ് | ഓപ്ഷൻ മറ്റ് ജില്ലകളിലേക്കാണെങ്കിൽ ജില്ലയുടെ പേര് |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

(ആവശ്യമുള്ളപക്ഷം കൂടുതൽ ഓപ്ഷനുകൾ മറുപുറത്ത് എഴുതി നൽകാവുന്നതാണ്.)

## <u>സത്യപ്രസ്താവന</u>

ആവശ്യപ്പെട്ടിരിക്കുന്ന പ്രകാരം ഏതെങ്കിലും ഓപ്ഷനിലേക്ക് മാറ്റം ലഭിച്ചാൽ പുതിയ സ്കൂളിൽ/ കോംബിനേഷനിൽ നിർബന്ധമായി പ്രവേശനം നേടേണ്ടതാണെന്ന വസ്തുത എനിക്കറിയാവുന്നതാണ്.

വിദ്യാർത്ഥിയുടെ പേരും ഒപ്പും:

രക്ഷകർത്താവിന്റെ പേരും ഒപ്പും

സ്ഥലം:
തീയതി: